# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.257** **06.10.2016 -ൽ മറുപടിക്ക്**

## സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് സമയബന്ധിത പരിശോധന നടത്തുമോയെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് സമയബന്ധിത പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പരിശോധന കൃത്യമായി നടത്താനും അത് നിരീക്ഷിക്കുവാനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പുതിയ കൈയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കയ്യേറ്റങ്ങൾക്കെതിരെയുള്ള പരിശോധന നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും റോഡ് പുറമ്പോക്ക്, ഇറിഗേഷൻ വകുപ്പ് വക ഭൂമിയിലെ കയ്യേറ്റങ്ങൾ തുടങ്ങിയവ ഒഴിപ്പിക്കുന്നതിനും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) പരിശോധനകളുടെ വിവരം പ്രസിദ്ധപ്പെടുത്താൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) സർക്കാർ ഭൂമിയെ സംബന്ധിച്ച വിശദമായ കണക്ക് തയ്യാറാക്കി, ശേഖരിക്കപ്പെട്ട മുഴുവൻ ഭൂമിയുടെയും വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ